പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ : 7235 03/11/2011-ൽ മറുപടിക്ക്

കലാകാരന്മാർക്കുള്ള പെൻഷൻ പുനർ നാമകരണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ഇ.പി.ജയരാജൻ | ശ്രീ .കെ .സി ജോസഫ്<br>ബഹു : ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി |

| | | | |
|---|---|---|---|
| (എ) | അവശ സാഹചര്യങ്ങളിൽ ജീവിക്കുന്ന പ്രഗത്ഭരായ കലാകാരന്മാർക്കും സാഹിത്യകാരന്മാർക്കും നൽകുന്ന പ്രതിമാസ ധനസഹായം എത്രയാണെന്നു വ്യക്തമാക്കുമോ; | (എ) | 550 രൂപ പ്രതിമാസം |
| (ബി) | ഇതിൽ സംസ്ഥാന ഗവൺമെന്റിന്റെ വിഹിതം എത്രയാണെന്ന് വ്യക്തമാക്കുമോ; സംസ്ഥാന വിഹിതം വർദ്ധിപ്പിക്കുവാൻ ഗവൺമെന്റ് നടപടികൾ സ്വീകരിക്കുമോ; | (ബി) | സാമ്പത്തിക പ്രയാസമനുഭവിക്കുന്ന കലാകാരന്മാർക്കും സാഹിത്യകാരന്മാർക്കും നൽകുന്ന പ്രതിമാസ ധനസഹായം സംസ്ഥാന സർക്കാരാണ് പൂർണമായും നൽകുന്നത്. ഈ തുക വർദ്ധിപ്പിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ് |
| (സി) | ഇപ്പോഴുള്ള അവശ കലാകാര പെൻഷൻ എന്ന പേരു മാറ്റി സാംസ്കാരിക പ്രവർത്തക പെൻഷൻ എന്നോ കലാകാര പെൻഷൻ എന്നോ മറ്റേതെങ്കിലും ആകർഷകമായ പേരു നൽകാൻ നടപടി സ്വീകരിക്കുമോ ? | (സി) | ഔദ്യോഗികമായി 'അവശ കലാകാര പെൻഷൻ ' എന്ന് ഇപ്പോൾ ഉപയോഗിക്കാറില്ല. കലാകാര പെൻഷൻ എന്നാണ് നിലവിൽ ഉപയോഗിക്കാറുള്ളത്. |

സെക്ഷൻ ഓഫീസർ